# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.411 — 27.02.2018-ൽ മറുപടിയ്ക്ക്

## ലോട്ടറി തട്ടിപ്പ് തടയുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ ലോട്ടറി വിൽപന സുതാര്യവും വിശ്വസ്തവുമായി മുന്നേറുമ്പോൾ ഇതിനെ തുരങ്കം വയ്ക്കുന്ന തരത്തിൽ എഴുത്ത് ലോട്ടറി എന്ന തട്ടിപ്പ് ഗ്രാമങ്ങളിലടക്കം സുലഭമായി നടക്കുന്നതും ഇതുമൂലം സർക്കാരിന് വലിയ നഷ്ടം ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എഴുത്ത് ലോട്ടറി തട്ടിപ്പുമായി ബന്ധപ്പെട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 10 ജില്ലകളിലായി 216 കേസുകൾ സംസ്ഥാനത്തിനകത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു |

| നമ്പർ | ജില്ല | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 3 |
| 2 | ആലപ്പുഴ | 6 |
| 3 | കോട്ടയം | 1 |
| 4 | തൃശ്ശൂർ | 4 |
| 5 | പാലക്കാട് | 3 |
| 6 | മലപ്പുറം | 91 |

| | | | |
|---|---|---|---|
| | | | 7 \| കോഴിക്കോട് \| 42<br>8 \| വയനാട് \| 2<br>9 \| കണ്ണൂർ \| 59<br>10 \| കാസർഗോഡ് \| 5<br>ആകെ \| 216 |
| (സി) | എഴുത്ത് ലോട്ടറി തട്ടിപ്പ് നിയന്ത്രിക്കുന്നതിനും തടയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | എഴുത്ത് ലോട്ടറി തട്ടിപ്പ് നിയന്ത്രിക്കുന്നതിനും തടയുന്നതിനും വകുപ്പ് തലത്തിലും പോലീസ് മുഖേനയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഴുത്ത് ലോട്ടറി നിയന്ത്രിക്കുന്നതിലേക്കായി പോലീസ് വകുപ്പിന്റെ 12.05.2017 ലെ D3-186147/2016/PHQ നമ്പർ ഉത്തരവ് പ്രകാരം നിയമവിധേയ ലോട്ടറി നടത്തിപ്പ് ലക്ഷ്യമിട്ട് രൂപീകൃതമായ മോണിറ്ററിംഗ് സെല്ലുകൾ DGP (Crimes) ന്റെ നേതൃത്വത്തിൽ സോണൽ തലത്തിൽ പുനസംഘടിപ്പിക്കുകയുണ്ടായി. എഴുത്ത് ലോട്ടറി നടത്തിപ്പ് സംബന്ധിച്ച് ഭാഗ്യക്കുറി വകുപ്പിന്റെ ഓഫീസുകളിൽ ലഭ്യമാകുന്ന പരാതികളും മാധ്യമ വാർത്തകളും ക്രോഡീകരിച്ച് ലോട്ടറി ആക്ടിലേയും, റൂളിലേയും വ്യവസ്ഥകൾ ചേർത്ത് കേസെടുക്കുന്നതിനായി യഥാസമയം IGP (Crimes) ന് നൽകി വരുന്നു. 29.01.2018 ന് സംസ്ഥാന വ്യാപകമായി എഴുത്ത് ലോട്ടറിക്കെതിരെ നടന്ന റെയ്ഡിൽ 49 കേസുകളിലായി 57 പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എഴുത്ത് ലോട്ടറിയുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ഉൾപ്പെടുന്ന ഏജൻറുമാരുടെ പേരിലും, ഏജൻറുമാരല്ലാത്ത വിൽപ്പനക്കാർ ഉൾപ്പെടുന്ന പക്ഷം ഇത്തരം വിൽപ്പനക്കാർക്ക് ടിക്കറ്റുകൾ നൽകുന്ന ഏജൻറുമാർക്കെതിരെയും നടപടികൾ സ്വീകരിച്ചു വരുന്നു. അനധികൃത ലോട്ടറി നടത്തിപ്പിൽ ഉൾപ്പെടുന്നവർ പിഴശിക്ഷ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾക്ക് വിധേയരാകുമെന്ന് പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തി വരുന്നു. |
| (ഡി) | ഇതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കിയിട്ടുണ്ടോ; | (ഡി) | തട്ടിപ്പ് സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ലാത്തതിനാൽ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടില്ല. |
| (ഇ) | ലോട്ടറി തട്ടിപ്പിനെതിരെ കൂടുതൽ ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വ്യാജമായി പ്രിൻറ് ചെയ്യൽ, ലോട്ടറി ടിക്കറ്റുകളുടെ കളർ ഫോട്ടോസ്റ്റാറ്റ്, ടിക്കറ്റുകളുടെ നമ്പർ തിരുത്തൽ എന്നീ പ്രവർത്തികളിലൂടെ സമ്മാനത്തുക തട്ടിയെടുക്കാൻ നടത്തുന്ന ശ്രമം തടയുന്നതിലേക്കായി ടിക്കറ്റുകളുടെ അച്ചടിയിൽ അഞ്ചോളം സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും മേൽ സുരക്ഷാ സംവിധാനങ്ങളെ കുറിച്ച് ജില്ലാ തലത്തിൽ ഏജൻറുമാർക്കും വിൽപ്പനക്കാർക്കും, പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എഴുത്ത് ലോട്ടറി വിപത്തിനെ കുറിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികൾക്ക് ഇതിനകം ബോധവത്ക്കരണ മീറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരം തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കാൻ നിർദ്ദേശം നൽകികൊണ്ടുള്ള നോട്ടീസുകൾ എല്ലാ ഭാഗ്യക്കുറി ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ